No: 1838/MCA/2012/TA.2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

**<u>വിജ്ഞാപനം</u>**

# മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സ് 2012–13 ലേയ്ക്കുള്ള പ്രവേശന പരീക്ഷ

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2012–13 വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   a) **നേറ്റിവിറ്റി:** അപേക്ഷകൻ ഇന്ത്യൻ പൗരൻ ആയിരിക്കണം

   b) **വിദ്യാഭ്യാസ യോഗ്യത:**

   i) <u>കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകൾ:</u>

   10+2 കഴിഞ്ഞ ശേഷം മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ്/ കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/എഞ്ചിനീയറിംഗ് & ടെക്നോളജി എന്നിവയിലേതെങ്കിലും പ്രധാന വിഷയമായോ ഉപവിഷയമായോ പഠിച്ച് കുറഞ്ഞത് 50% മാർക്കോടുകൂടി ത്രിവത്സര ബിരുദ കോഴ്സ് പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്.

   ii) <u>മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകൾ:</u>

   10+2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച ശേഷം ഏതെങ്കിലും അംഗീകൃത റഗുലർ ത്രിവത്സര ബിരുദ കോഴ്സ് കുറഞ്ഞത് 50 % മാർക്കോടെ പാസ്സായവർക്കും/ മാത്തമാറ്റിക്സ് അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായെടുത്ത് (ബിസിനസ്സ് മാത്തമാറ്റിക്സ്/(ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് പരിഗണിക്കുന്നതല്ല) ഏതെങ്കിലും അംഗീകൃത റഗുലർ ത്രിവത്സര ബിരുദ കോഴ്സ് കുറഞ്ഞത് 50% മാർക്കോടെ പാസ്സായവർക്കും/ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്ന് കുറഞ്ഞത് 50% മാർക്കോടെ ബി.സി.എ. ഡിഗ്രി കോഴ്സ് പാസ്സായവർക്കും അപേക്ഷിക്കാവുന്നതാണ്.

   എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് നിർദ്ദിഷ്ട യോഗ്യതാ പരീക്ഷ പാസ്സായാൽ മതിയാകും. എസ്.ഇ.ബി.സി വിഭാഗക്കാർക്ക് 2% മാർക്ക് ഇളവ് ഉണ്ടായിരിക്കുന്നതാണ്. വികലാംഗർക്ക് 5% മാർക്കിളവ് ഉണ്ടായിരിക്കുന്നതാണ്. ഒന്നിലധികം തവണകൾ എടുത്ത് യോഗ്യത പരീക്ഷ പാസ്സായവർക്ക് ഓരോ അധിക തവണയ്ക്കും അവരുടെ ശതമാന മാർക്കിന്റെ 5% വീതം കുറവുവരുത്തുന്നതാണ്.

   iii) <u>കോഴിക്കോട് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകൾ:</u>

   മാത്തമാറ്റിക്സ് ഒരു വിഷയമായെടുത്ത് (ബിസിനസ്സ് മാത്തമാറ്റിക്സ്/(ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് പരിഗണിക്കുന്നതല്ല) കോഴിക്കോട് സർവ്വകലാശാല അംഗീകരിച്ച ഏതെങ്കിലും ത്രിവത്സര റഗുലർ ബിരുദ കോഴ്സ് 50% മാർക്കോടെ പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്. എസ്.ഇ.ബി.സി വിഭാഗക്കാർക്ക് 5% മാർക്ക് ഇളവ് ഉണ്ടായിരിക്കുന്നതാണ്. എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് നിർദ്ദിഷ്ട യോഗ്യതാ പരീക്ഷ പാസ്സായാൽ മതിയാകും.

   iv) <u>കണ്ണൂർ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകൾ:</u>

   10+2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച ശേഷം ഏതെങ്കിലും വിഷയത്തിൽ അംഗീകൃത റഗുലർ ത്രിവത്സര ബിരുദമെടുത്തവർക്കും/ മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി പഠിച്ച് അംഗീകൃത റഗുലർ ത്രിവത്സര ബിരുദമെടുത്തവർക്കും/ത്രിവത്സര ബി.സി.എ. ഡിഗ്രി കോഴ്സ് അംഗീകൃത സർവ്വകലാശാലയിൽ നിന്ന് പാസ്സായവർക്കും അപേക്ഷിക്കാവുന്നതാണ്.

   **കുറിപ്പ്:** മേൽപ്പറഞ്ഞ യോഗ്യത പരീക്ഷയ്ക്കുള്ള അവസാന വർഷ പരീക്ഷ ഈ വർഷം എഴുതുന്നവർക്കും/ എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ അഡ്മിഷൻ സമയത്ത് യോഗ്യതാ പരീക്ഷ പാസ്സായതിന്റെ പൂർണ്ണമായ മാർക്ക് ലിസ്റ്റുകൾ ഹാജരാക്കേണ്ടതാണ്.

3. **പ്രവേശന പരീക്ഷ** : തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **13.10.2012 ന് (ശനി)** രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ പ്രവേശന പരീക്ഷ നടത്തുന്നതാണ്. അത് മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, പൊതുവിജ്ഞാനം, ജനറൽ ഇംഗ്ലീഷ്, ബിരുദതലത്തിലുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 150 ചോദ്യങ്ങളുള്ളതും രണ്ട് മണിക്കൂർ ദൈർഘ്യമുള്ളതും ആയിരിക്കും.

4. **അപേക്ഷിക്കേണ്ട വിധം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി **12.09.2012 മുതൽ 24.09.2012** വൈകുന്നേരം 5 മണി വരെ വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്

5. **അപേക്ഷാ ഫീസ്: ജനറൽ/ എസ്.ഇ.ബി.സി വിഭാഗത്തിന് 800 രൂപയും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയും ആണ് അപേക്ഷാ ഫീസ്.** കേരളത്തിൽ നിന്നുള്ള അപേക്ഷകർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി.യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. കേരളത്തിനു പുറത്തുള്ള അപേക്ഷകർ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന മേൽപറഞ്ഞ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും:** ഓൺലൈൻവഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം അതിൽ അപ്‌ലോഡ് ചെയ്തതിന് സമാനമായ പാസ്പോർട്ട്സൈസ് ഫോട്ടോ പതിപ്പിച്ച് അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തിയ ശേഷം ഉള്ളടക്കം ചെയ്യേണ്ട മറ്റ് രേഖകൾ സഹിതം അപേക്ഷ **25.09.2012 വൈകുന്നേരം 5 മണിക്കു മുമ്പ്** നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനയോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷ അടങ്ങിയ കവറിന് പുറത്ത് മുകളിലായി **"എം.സി.എ കോഴ്സ് 2012-13 പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിനോടൊപ്പം ഉൾകൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല

10. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് അവരുടെ **അഡ്മിറ്റ് കാർഡ് 03.10.2012 മുതൽ** **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാ ഹാളിൽ കൊണ്ടു വരേണ്ടത്.

11. പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ രേഖപ്പെടുത്തുന്ന കോളേജുകളുടെ താത്പര്യ മുൻഗണനാ ക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

12. 2012-13 എം.സി.എ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയും അലോട്ടുമെന്റും സർക്കാർ അംഗീകാരത്തോടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. ആയതിനാൽ പ്രോസ്പെക്ടസ്സിലെ വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് വായിച്ചു മനസ്സിലാക്കേണ്ടതാണ്.

**തിരുവനന്തപുരം**

10.09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**